**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 793** | **26-07-2021 - ൽ മറുപടിയ്ക്ക്**

**പൊതുവിദ്യാഭ്യാസം ശക്തിപ്പെടുത്താൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ് | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസം ലോകത്തിന് മാതൃകയായി മാറിയ സാഹചര്യത്തിൽ ഈ മേഖലയിൽ കൂടുതൽ ഗുണപരമായ മാറ്റങ്ങൾക്കായി പുതിയ നയങ്ങൾ നടപ്പാക്കാൻ നടപടികൾ ഉണ്ടാകുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ; | (എ) | പൊതുവിദ്യാഭ്യാസമേഖലയുടെ ഗുണപരമായ മാറ്റങ്ങൾക്കായി പുതിയ നയപരിപാടികൾ നടപ്പിലാക്കുന്നതാണ് . നവകേരള നിർമിതിക്കനുസൃതമായ പാഠ്യപദ്ധതി പരിഷ്കരണ നടപടികൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്. ഇതിനായി വിവിധ ഫോക്കസ് ഗ്രൂപ്പുകൾ രൂപീകരിച്ച് ആവശ്യമായ ചർച്ചകൾക്കും സംവാദങ്ങൾക്കും ശേഷം കേരള പാഠ്യപദ്ധതി ചട്ടക്കൂടിന് രൂപം നൽകി തുടർപ്രവർത്തനങ്ങൾ നടത്തുന്നതാണ്. 'മികവിനായുള്ള വിദ്യാഭ്യാസം' റിപ്പോർട്ടിൽ മുന്നോട്ട് വച്ച ആശയങ്ങളും നടപ്പിലാക്കുന്നതാണ്. |
| (ബി) | പൊതുവിദ്യാലയങ്ങളിലെ അധ്യാപർക്ക് മികച്ച പരിശീലനവും വിദ്യാർത്ഥികൾക്ക് സാമൂഹിക അവബോധ ക്യാമ്പുകളും നിരന്തരമായി നടത്തുന്നതിന് നടപടികൾ ഉണ്ടാകുമോ ; | (ബി) | വിദ്യാഭ്യാസ മേഖലയിലെ വിവിധ ഏജൻസികളായ എസ്.സി.ഇ.ആർ.ടി., എസ്.എസ്.കെ, കൈറ്റ്, എസ്.ഐ .ഇ.ടി. എന്നിവയുമായി ചേർന്ന് അധ്യാപകർക്ക് ആവശ്യമായ പരിശീലന പരിപാടികൾ നടപ്പിലാക്കും. കൂടാതെ കുട്ടികൾക്കുള്ള ക്യാമ്പുകളും സംഘടിപ്പിക്കും. അധ്യാപകർക്ക് 6 മാസം ദൈർഘ്യമുള്ള പരിവർത്തന പരിപാടി ആദ്യ ബാച്ച് പൂർത്തിയായി. അടുത്ത ബാച്ച് ഉടനെ തുടങ്ങുന്നതാണ്. പുതിയതായി സർവ്വീസിൽ പ്രവേശിക്കുന്നവർക്കുള്ള ഇൻഡക്ഷൻ പരിശീലനവും നൽകുന്നുണ്ട്. ഡിജിറ്റൽ ഓൺലൈൻ ക്ലാസുകൾ ഫലപ്രദമായി കൈകാര്യം ചെയ്യുന്നതിന് അധ്യാപകരെ പ്രാപ്തരാക്കുന്നതിനുള്ള പരിശീലനവും നടത്തും. കൂടാതെ വ്യത്യസ്ത വിഷയങ്ങളിൽ മികവ് പുലർത്തുന്ന (ഗണിതം, സാമൂഹിക ശാസ്ത്രം) കുട്ടികൾക്കുള്ള പിന്തുണയും പരിശീലനവും നൽകി വരുന്നു. |
| (സി) | സമൂഹത്തോട് ഉത്തരവാദിത്വമുള്ള യുവ തലമുറയെ വാർത്തെടുക്കുന്നതിന് ആവശ്യമായ സാമൂഹ്യ സേവന പരിപാടികൾ സ്കൂളുകളിൽ നടപ്പാക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (സി) | നിലവിൽ തിരഞ്ഞെടുക്കപ്പെട്ട കുട്ടികളെ പങ്കെടുപ്പിച്ച് കൊണ്ട് എൻ.സി.സി, എൻ.എസ്.എസ്, എസ്.പി.സി, സ്കൗട്ട് & ഗൈഡ്സ് മുതലായ സാമൂഹ്യ സേവന പരിപാടികൾ നടത്തുന്നുണ്ട്. |

| | | | |
|---|---|---|---|
| | | | വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ മുഴുവൻ കുട്ടികളേയും ഇത്തരം പദ്ധതികളിൽ പങ്കെടുപ്പിക്കുന്നതിനുള്ള നടപടി ഉണ്ടാകും. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ ഇവ നടപ്പിലാക്കുന്നതാണ്. വിവിധ ക്ലബ് പ്രവർത്തനങ്ങളിലൂടെ കുട്ടികളിൽ സാമൂഹ്യ സേവന മനോഭാവം വളർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കും. |

സെക്ഷൻ ഓഫീസർ